**File No.LSGD-FM2/184/2019-LSGD**

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടിത്തറ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് ചെലവായ തുക തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.492/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി:**
**27/02/2020**

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 10.01.2020 ലെ PAN/13690/2019-G1(DP) നമ്പർ കത്ത്

2.പട്ടിത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03/02/2020ലെ എ3/579/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്ത് ഓഫീസിനായി പണികഴിപ്പിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 07.09.2019 ന് വിപുലമായ പരിപാടികളോടെ ബഹു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു എന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സമീപ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുത്തു എന്നും അറിയിച്ചിട്ടുണ്ട് .പഞ്ചായത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ കിട്ടിയ സാഹചര്യവും ,2018,2019 പ്രളയത്തിന് ശേഷം ഓണാഘോഷം നടക്കുന്ന അവസരവും കൂടിയായിരുന്നു അത്. ആയതിനാൽ, പ്രസ്തുത പരിപാടി ഗംഭീരമാക്കുവാൻ ഭരണസമിതി തീരുമാനിച്ചിരുന്നു.പരിപാടി നടത്തുന്നതിനായി 110118 /-രൂപ ചെലവായതായും അറിയിച്ചിട്ടുണ്ട്. ചെലവായ തുകയുടെ വിശദമായ വിവരങ്ങളും തുക, ചെലവഴിക്കുന്നതിനുള്ള അനുമതിക്കായുള്ള ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിത്തറ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് ചെലവായ 110118 /-രൂപ (ഒരുലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്റി പതിനെട്ടു രൂപ) ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, പട്ടിത്തറ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ

വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*പ്രകാരം,*

*ഉത്തരവിൻ*

Validity unknown

Digitally signed by SMITHA B
CHANDRA
Date: 2020.02.28 [illegible]:48 IST
Reason: Approved

*സെക്ഷൻ ഓഫീസർ.*